بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 11.08.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ജമാഅത്തിനു മേലുള്ള ദൈവീക പിന്തുണയുടെ സംഭവങ്ങൾ.

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് നബി(സ)യുടെ സത്യസന്ധനായ ദാസന്റെ ജമാഅത്തിനു മേൽ ദിനംതോറും അല്ലാഹുവിന്റെ അനുഗ്രഹം വർഷിച്ചുകൊണ്ടിരിക്കുന്നു. ജൽസയുടെ റിപ്പോർട്ടിൽ ആണ് ഇതിനെ പരാമർശിച്ചിക്കുന്നത് എങ്കിലും ആ ചുരുങ്ങിയ സമയത്തിനുള്ളിൽ എല്ലാം വിശദീകരിക്കാൻ കഴിയില്ല എന്നതിനാൽ അവയിൽ ചിലത് ഞാൻ ഇന്നും വിവരിക്കുന്നതാണ്.

കിൻഷാസയിലെ പ്രാദേശിക മിഷനറി ഹമീദ് സാഹിബ് എഴുതുന്നു: വെരാ നഗരത്തിലെ ഞങ്ങളുടെ റേഡിയോ പരിപാടി ശ്രവിച്ച ശേഷം, മസ്ജിദിന്റെ പ്രാദേശിക ഇമാം ഈസാ സാഹിബ് ജമാഅത്തുമായി ബന്ധപ്പെടുകയും മിഷൻ ഹൗസിലെത്തി ജമാഅത്തിന്റെ സന്ദേശം മനസ്സിലാക്കുകയും ബൈഅത്ത് ചെയ്യുകയും ചെയ്തു. തുടർന്ന് അദ്ദേഹം തന്റെ ഗ്രാമത്തിൽ പോയി തബ്‌ലീഗ് ചെയ്യുകയും ഇരുപത്തിനാല് പേർ അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് നമ്മുടെ മുബല്ലിഗ് ആ ഗ്രാമം സന്ദർശിക്കുകയും എട്ട് പേർ കൂടി ജമാഅത്തിൽ ചേരുകയും അങ്ങനെ അവിടെ പുതിയ ജമാഅത്ത് സ്ഥാപിക്കപ്പെടുകയും ചെയ്തു.

മുഅല്ലിമായ ഉമർ മൻവർ സാഹിബിനെ കിൻഷാസയിലെ മായീൻ ദൂംബെ സംസ്ഥാനത്തെ ഒരു ഗ്രാമത്തിൽ തബ്‌ലീഗിനായി അയച്ചു. അവിടെ അദ്ദേഹം ലഘുലേഖകൾ വിതരണം ചെയ്തു. ഇതിനിടെ ചില ദുഷ്ടന്മാർ കല്ലെറിഞ്ഞു; ബഹളം വെച്ചു. മുഅല്ലിം സാഹിബ് കല്ലുകളിൽ നിന്നും രക്ഷപ്പെട്ടുകൊണ്ട് തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ക്ഷമ ആളുകളിൽ മതിപ്പുളവാക്കി. അവിടെയുള്ള മസ്ജിദിൽ ചെന്ന് ജനങ്ങളുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി അദ്ദേഹം നൽകി. 40 - 42 പേർ ജമാഅത്തിന്റെ പ്രബോധനത്തിൽ പ്രചോദനം ഉൾക്കൊണ്ട് ബൈഅത്ത് ചെയ്യുകയും പുതിയ ജമാഅത്ത് സ്ഥാപിതമാകുകയും ചെയ്തു.

ഗിനി ബിസാവുവിലെ ഇമാം തമാനെ പറയുന്നു: തിരുനബി(സ)യിലും ഖുർആനിലും ഹദീസിലും വിശ്വസിക്കുന്നില്ലെന്ന് ആണ് ജമാഅത്തിനെ കുറിച്ച് ഞങ്ങൾ ഇന്നുവരെ കേട്ടിരുന്നത്. ഇന്ന് ഞങ്ങൾ ജൽസയിൽ നിങ്ങളുടെ ഖലീഫയെ കാണുകയും കേൾക്കുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിന്റേയും റസൂലിന്റേയും ഖുർആനിലേയും ഹദീസിലേയും ഉപദേശങ്ങളാണ് കേൾപ്പിച്ചത്. ജമാഅത്തിനെതിരെ തെറ്റായ പ്രചരണങ്ങൾ നടക്കുന്നുവെന്നും വ്യാജപ്രചാരണങ്ങൾ എപ്പോഴും ദൈവിക ജമാഅത്തുകൾക്കെതിരെയാണെന്നും ഞാൻ മനസ്സിലാക്കി. അതുകൊണ്ട് ഇന്ന് മുതൽ ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ ചേരുന്നു.

ബുറുണ്ടിയിലെ പട്ടണത്തിലെ ഒരു സുന്നി പള്ളിയുടെ ഇമാം ജമാഅത്തിന്റെ പള്ളി അടച്ചു പൂട്ടാൻ കഠിനമായി പരിശ്രമിച്ചു. പക്ഷേ, അതിലൊന്നും ഫലമുണ്ടായില്ല. നമ്മുടെ മുഅല്ലിമിനെ വിളിച്ച് ഈസാ നബിയുടെ മരണത്തെക്കുറിച്ച് ചർച്ച ആരംഭിച്ചു. നമ്മുടെ മുഅല്ലിം തെളിവുകൾ നിരത്തിയപ്പോൾ ഉത്തരം കിട്ടാതെ ജമാഅത്തിനുമേൽ കുഫ്ർ ഫത്‌വ ചുമത്തി. അവരിൽ ഒരാൾ പറഞ്ഞു: ജമാഅത്തിന്റെ ഇസ്‌ലാം മനസ്സിലാക്കാ വുന്നതേയുള്ളൂ. എന്നാൽ നിങ്ങളുടേത് അങ്ങനെയല്ല. അവർ തമ്മിൽ കലഹിക്കുകയും സർക്കാർ അവരുടെ മസ്ജിദ് മൂന്ന് മാസത്തേക്ക് അടച്ചുപൂട്ടുകയും ചെയ്തു. പാക്കിസ്ഥാനിലെ നാമധാരികളായ പണ്ഡിതർ ഇപ്പോൾ എല്ലായിടത്തും അഹ്മദികളുടെ പള്ളികൾ അടച്ചു പൂട്ടുന്ന, മിനാരങ്ങളും കമാനങ്ങളും പൊളിക്കുന്ന ഈ ഒരു രീതി സ്വീകരിക്കുന്നു.

അഹ്മദികൾ മിനാരം പണിയാൻ പാടില്ല എന്ന് പാക്കിസ്ഥാനിലെ ഒരു നിയമവും പറയുന്നില്ല. എന്നാൽ ഈ നാമധാരികളായ പണ്ഡിതരുടെ മുന്നിൽ മുട്ടുമടക്കാൻ സർക്കാർ നിർബന്ധിതരാകുന്നു, കൂടാതെ ഈ മൗലവി(മാർ) (അഹ്മദികൾക്ക്) ദോഷം വരുത്താൻ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഒരു ദിവസം ഇവരെല്ലാം ഇൻശാ അല്ലാഹ് സ്വയം നശിച്ചൊടുങ്ങുന്നതാണ്.

നമ്മുടെ ഖുർആൻ പ്രസിദ്ധീകരണം പാകിസ്ഥാനിൽ വിലക്കിയിരിക്കുന്നു; വിവർത്തനത്തിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. ഖുർആൻ ശ്രവിച്ചതിന്റെ പേരിൽ ചിലർക്കെതിരെ കേസെടുത്തിട്ടുണ്ട്. ഇതാണ് മുസ്‌ലിംകൾ എന്ന് പറയപ്പെടുന്നവരുടെ ഇസ്‌ലാം. നേരെമറിച്ച്, അല്ലാഹു നമ്മുടെ വഴികൾ തുറന്നുകൊണ്ടിരിക്കുകയാണ്. തൻസാനിയയിലെ ഒരു മുഅല്ലിം പറയുന്നു: വിശുദ്ധ ഖുർആനിന്റെ സ്വാഹിലി പരിഭാഷ വേണമെന്ന് പറഞ്ഞ് 30 കിലോമീറ്റർ അകലെ നിന്ന് ഒരാൾ വിളിക്കുകയുണ്ടായി. അത് അവരുടെ പ്രദേശത്ത് തന്നെ ലഭിക്കുമെന്ന് അയാളോട് പറഞ്ഞു. എന്നാൽ ജമാഅത്തിന്റെ പരിഭാഷയും വ്യാഖ്യാനവും എനിക്കിഷ്ടമാണെന്നും അതാണ് ഞാൻ ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പാശ്ചാത്യ ലോകത്ത്പോലും, സ്വീഡൻ, ഡെന്മാർക്ക് തുടങ്ങിയ വിശുദ്ധ ഖുർആനെ അവഹേളിക്കുന്ന ചില രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ അവർക്ക് അവതരിപ്പിക്കപ്പെടുമ്പോൾ, എതിരാളികളുടെ മനോഭാവം തന്നെ മാറുന്നു. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് വിശുദ്ധ ഖുർആന്റെ സ്ഥാനത്തെ ഉയർത്താനും അതിന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കാനും ശ്രമിക്കുന്നത്.

വിശുദ്ധ ഖുർആന്റെ പ്രസിദ്ധീകരണവും ഇസ്‌ലാമിക പ്രബോധനങ്ങളെക്കുറിച്ചുള്ള സാഹിത്യവും ആളുകളിൽ എങ്ങനെ സ്വാധീനം ചെലുത്തുന്നു എന്നതിനെക്കുറിച്ചുള്ള മറ്റൊരു സംഭവം ഞാൻ വിവരിക്കുകയാണ്. ഗോലാഘട്ട് ബുക്ക് ഫെയറിനോടനുബന്ധിച്ച്, മുസ്‌ലിം പ്രൊഫസറായ ശബാന യാസ്മീൻ സാഹിബ നമ്മുടെ സ്റ്റാൾ കണ്ട് വളരെ സന്തോഷിച്ചു, ഉടനെ വന്ന് വിശുദ്ധ ഖുർആന്റെ അസമീസ് വിവർത്തനം എടുത്ത് തന്റെ സഹപ്രവർത്തകനോട് പറഞ്ഞു: ഇന്ന് എന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആനിന്റെ ഒരു അസമീസ് പരിഭാഷയ്ക്കായി ഞാൻ വളരെക്കാലമായി തിരയുകയായിരുന്നു. വിശുദ്ധ ഖുർആൻ അസമീസ് വിവർത്തനം ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു അധ്യാപകൻ എനിക്കുണ്ടായിരുന്നു. എന്നാൽ വിശുദ്ധ ഖുർആനിന്റെ അസമീസ് വിവർത്തനം ഇല്ലാത്തതിനാൽ എനിക്ക് അത് നൽകാൻ കഴിഞ്ഞില്ല. ഇക്കാരണത്താൽ, ഒരു മുസ്‌ലീമായ ഞാൻ ഖേദിക്കുകയും ചെയ്തിരുന്നു. എന്റെ അധ്യാപകന്റെ മരണശേഷം ഇന്ന് എനിക്ക് ഈ വിശുദ്ധ ഖുർആൻ ലഭിച്ചു.

ഹിന്ദു സ്ത്രീയായ ബാന്തി രണ്ടു തവണ ധീമാജി പുസ്തകമേളയിൽ എത്തിയിരുന്നു. ശിവക്ഷേത്രം പണിയുകയും അതിനെ പ്രചരിപ്പിക്കുകയും ചെയ്യുന്ന അവർ നമ്മുടെ സ്റ്റാൾ കണ്ടപ്പോൾ, മുസ്‌ലിം ജനസംഖ്യ വളരെ കുറവുള്ള ഈ പ്രദേശത്ത് ഒരു ഇസ്‌ലാമിക സ്റ്റാൾ ഉണ്ടെന്നതിൽ അവൾ അത്ഭുതപ്പെട്ടു. അവർ നമ്മുടെ സ്റ്റാളിൽ വന്ന് സംസാരിച്ചു; വളരെ സന്തോഷത്തോടെ തിരിച്ചു പോയി. പിറ്റേന്ന് അവർ തിരിച്ചു വന്നു, സ്റ്റാളിലുള്ളവർക്കെല്ലാം പഴങ്ങളും മറ്റും കൊണ്ടുവരികയും ചെയ്തു. കൂടാതെ വിശുദ്ധ ഖുർആൻ കണ്ടപ്പോൾ വളരെ സന്തോഷിച്ചു. വിശുദ്ധ ഖുർആൻ വാങ്ങുന്നതിനിടയിൽ, നിങ്ങൾ ഇന്ന് എന്റെ ജീവിതത്തിലെ ഒരു സ്വപ്നം സാക്ഷാത്കരിച്ചുവെന്ന് അവർ പറയുകയുണ്ടായി.

അവസാനത്തെ ശരീഅത്ത് ഗ്രന്ഥമായ വിശുദ്ധ ഖുർആൻ വായിക്കുന്നതും കേൾക്കുന്നതും സൂക്ഷിക്കുന്നതും പാകിസ്ഥാനിൽ അഹ്മദികൾക്ക് നിഷിദ്ധവും വലിയ കുറ്റവുമാണ്. അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന് കൈമാറുന്നതും ലോകത്തെ സംസ്കരിക്കുന്നതും ഇതേ ഗ്രന്ഥം മുഖേനയാണ്. മൈക്രോനേഷ്യൻ മുബല്ലിഗ് ശർജീൽ സാഹിബ് പറയുന്നു: കുറച്ചുകാലം മുമ്പ് സൈമൺ ഗാഡൻ എന്ന ഒരു വ്യക്തി ജമാഅത്തുമായി ബന്ധപ്പെടുകയും വിശുദ്ധ ഖുർആനിന്റെ ഒരു കോപ്പി വാങ്ങുകയും ചെയ്തു. പിന്നീട് ഒരു ദിവസം അദ്ദേഹം എനിക്ക് നിങ്ങളെ കാണണം എന്ന് മെസ്സേജ് അയക്കുകയുണ്ടായി. പള്ളിയിൽ വന്ന് അവർ പറയാൻ തുടങ്ങി: ഞാൻ എന്റെ ജീവിതകാലം മുഴുവൻ ബൈബിൾ വിശദമായി വായിച്ചിട്ടുണ്ട്. എന്നാൽ എത്ര ശ്രമിച്ചിട്ടും അതിന്റെ അധ്യാപനം ഹൃദയത്തിൽ ഇരിക്കുന്നില്ല; എനിക്കൊന്നും മനസ്സിലാകുന്നില്ലായിരുന്നു. എന്നാൽ വിശുദ്ധ ഖുർആൻ വായിക്കാൻ തുടങ്ങിയത് മുതൽ അതിലെ ഓരോ വാക്കുകളും നേരിട്ട് എന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു.

എന്റെ ജീവിതകാലം മുഴുവൻ തനിക്ക് തെറ്റ് പറ്റിയതും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ കാണാതെ പോയതും എങ്ങനെയെന്ന് അദ്ദേഹം ആശ്ചര്യപ്പെട്ടു. ഇപ്പോൾ അദ്ദേഹം ജമാഅത്തിൽ ചേരുക മാത്രമല്ല, ഇസ്‌ലാമിനെ ധീരമായി അദ്ദേഹം പ്രചരിപ്പിക്കുകയും ചെയ്യുന്നു.

ബുർക്കിനാ ഫാസോയിലെ മഹ്ദിയാബാദിലെ സഈദ് വജീകാ സാഹിബ് പറയുന്നു: ഞങ്ങളുടെ ഗ്രാമത്തിലെ ഭൂരിഭാഗവും അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ ഞങ്ങളുടെ പ്രിയപ്പെട്ട ഒരാൾ സൗദി അറേബ്യയിലേക്ക് വിളിച്ച് കഅ്ബ കാണിക്കുകയും വഹാബിസം സ്വീകരിച്ച് അഹ്മദിയ്യത്തിൽ നിന്ന് പുറത്തുപോകാൻ എന്നോട് പറയുകയും ചെയ്തു. ഞാൻ പറഞ്ഞു: ഈ പുണ്യഭൂമിയുടെ തണലിൽ നിന്നുകൊണ്ട് ഞാൻ പ്രാർത്ഥിക്കുന്നത്, എന്റെ ജീവിതത്തിൽ അഹ്മദിയത്തിനെ ഉപേക്ഷിക്കേണ്ടി വരുന്ന ഒരു അവസരവും ഉണ്ടാകരുതേ എന്നും അതിനുമുമ്പ് ഒരു വിശ്വാസി ആയ അവസ്ഥയിൽ അല്ലാഹു എനിക്ക് മരണം നൽകട്ടെ എന്നുമാണ്. തന്റെ ആ സ്നേഹിതൻ ബുർക്കിന ഫാസോ സന്ദർശിക്കാൻ മടങ്ങിയപ്പോൾ, അൽഹാജ് ഇബ്രാഹിം സാഹിബ് തബ്‌ലീഗ് ചെയ്ത് അദ്ദേഹം അഹ്മദി ആയി.

നൈജീരിയയിൽ താമസിക്കുന്ന ഒരാൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. നേരത്തെ എതിരാളികളുടെ സംഘത്തിലെ സജീവ അംഗമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതിന് ശേഷം കടുത്ത എതിർപ്പുകൾ അദ്ദേഹത്തിനു നേരിടേണ്ടി വന്നു. ഒരു ദിവസം അദ്ദേഹം വയലിൽ പണിയെടുക്കുമ്പോൾ ഒരു കൊടുങ്കാറ്റുണ്ടായി. നീ ജോലി കഴിഞ്ഞ് വരുന്ന ഒരു ദിവസം വീടു തകർന്ന നിലയിൽ കാണുമെന്നുമുള്ള എതിരാളികളുടെ വാക്കുകളാണ് അപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ വന്നത്. അതിനാൽ അദ്ദേഹം പ്രാർത്ഥിച്ചു, അല്ലാഹുവേ! ഈ ജമാഅത്ത് നിന്റെ ജമാഅത്തും വാഗ്ദത്ത മസീഹ്(അ), പ്രവാചകൻ(സ) സന്തോഷവാർത്ത നൽകിയിട്ടുള്ള അതേ വാഗ്ദത്ത മഹ്ദിയും ആണെങ്കിൽ, എന്റെ വീട് വീഴാൻ നീ അനുവധിക്കരുത്. തിരിച്ചെത്തിയപ്പോൾ തന്റെ വീട്ടിലെ എല്ലാ മുറികളും സുരക്ഷിതമാണെന്ന് അദ്ദേഹം കണ്ടു. കേടുപാടുകൾ ഒന്നും സംഭവിച്ചിട്ടില്ല. എന്നാൽ ചുറ്റുപാടുമുള്ള വീടുകളെല്ലാം തകർന്നു പോയിരുന്നു. ഇത് ദൈവിക ജമാഅത്താണെന്ന് അദ്ദേഹത്തിനു ബോധ്യമായി.

ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ, വാഗ്ദത്ത മസീഹ്(അ)നോടൊപ്പം അല്ലാഹു തആലയുടെ പിന്തുണ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ആ മഹാത്മാവ് നമുക്ക് യഥാർത്ഥ ഇസ്‌ലാം പഠിപ്പിച്ചു തന്നു. ഈ സംഭവങ്ങൾ അഹ്മദിയ്യത്തിന്റെ സത്യതയുടെ തെളിവാണ്. ഇത് ജനങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

അല്ലാഹു ലോകത്തിന്റെ കണ്ണുകൾ തുറന്ന് അവർക്ക് വിശ്വാസം സ്വീകരിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

കൊവിഡ് 19 പടരുന്ന സാഹചര്യത്തിൽ ഈ ദിവസങ്ങളിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ഹുസൂർ അൻവർ പറയുകയുണ്ടായി.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് 4 മർഹൂമീങ്ങളെ അനുസ്മരിക്കുകയും ജുമുഅക്ക് ശേഷം അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

---

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak U.K – on 11.08.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**